# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4509 21/03/2018 -ൽ മറുപടിയ്ക്ക്

**മെഡിക്കൽ കോളേജിലെ സെക്യൂരിറ്റി ജീവനക്കാരുടെ പെരുമാറ്റം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.ഷംസുദ്ദീൻ** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സെക്യൂരിറ്റി ജീവനക്കാർ രോഗികളോടും അവരുടെ കൂട്ടിരിപ്പുകാരോടും മോശമായി പെരുമാറുന്നത് സംബന്ധിച്ചുള്ള പരാതികളും വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മോശം പെരുമാറ്റം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള സെക്യൂരിറ്റി ജീവനക്കാർക്കെതിരെ ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജ് ആശുപത്രിയിൽ വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാലും രോഗികളോടൊപ്പം വരുന്നവർ പലപ്പോഴും ഉത്കണ്ഠാകുലരും അക്ഷമരും ആകുന്നതും ഇത്തരം സംഭവങ്ങൾക്ക് പശ്ചാത്തലമാകുന്നുണ്ട്. ഇതൊഴിവാക്കുന്നതിനായി സെക്യൂരിറ്റി ജീവനക്കാർക്ക് നിരന്തരമായി നിർദ്ദേശങ്ങൾ നല്കുകയും Stress management ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു വരുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എച്ച്.ഡി.എസ്-ന് കീഴിൽ താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സെക്യൂരിറ്റി ജീവനക്കാർ രോഗികളോടും അവരുടെ കൂട്ടിരിപ്പുകാരോടും മോശമായ പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത്തരം ജീവനക്കാരെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടിട്ടുണ്ട്. സെക്യൂരിറ്റി ജീവനക്കാരുടെ പ്രവർത്തനങ്ങൾ നിരന്തരമായി വിലയിരുത്തുന്നതിന് പെർഫോമൻസ് അപ്രൈസൽ കമ്മിറ്റിയും നിലവിലുണ്ട്. |
| (ബി) | സെക്യൂരിറ്റി ജീവനക്കാരുടെ ഇത്തരത്തിലുള്ള മോശം പെരുമാറ്റം ഒഴിവാക്കുവാനും ഇങ്ങനെയുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും മെഡിക്കൽ കോളേജ് അധികൃതർക്ക് കർശന നിർദ്ദേശം നല്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ? | | |

സെക്ഷൻ ഓഫീസർ